LIBRARY ARCHIVES Kerala Legislative Assembly

എൻ.ആർ.എച്ച്.എം., ആയുഷ് പദ്ധതിപ്രകാരം ജോലി ചെയ്യുന്നവരുടെ വേതനം

17 (709) ശ്രീ. കെ. കുഞ്ഞമ്മത് മാസ്റ്റർ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യവും കുടുംബക്ഷേമവും ദേവസ്വവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) എൻ.ആർ.എച്ച്.എം., ആയുഷ് പദ്ധതിപ്രകാരം ജോലി ചെയ്യുന്ന ഡോക്ടർമാരുടെയും അനുബന്ധ ജീവനക്കാരുടെയും വേതനം എത്ര രൂപയാണ് : ഇത് വർദ്ധിപ്പിക്കാൻ ഉദ്ദേശിക്കുന്നുണ്ടോ ;

(ബി) പ്രസ്തുത ഡിസ്പെൻസറികൾ സർക്കാർ ഡിസ്പെൻസറികളാക്കി ഉയർത്തുന്നതിന് നടപടികൾ സ്വീകരിക്കുമോ ?

ഉത്തരം

(എ) എൻ.ആർ.എച്ച്.എം., ആയുഷ് മെഡിക്കൽ ഓഫീസർമാരുടെ നിലവിലെ പ്രതിമാസ വേതനം 26,000 രൂപയും, ആയുഷ് തെറാപ്പിസ്റ്റ്മാരുടെ നിലവിലെ പ്രതിമാസ വേതനം 10,800 രൂപയും, ആയുഷ് നഴ്സുമാരുടെ നിലവിലെ പ്രതിമാസ വേതനം 14,500 രൂപയുമാണ്. ആയുഷ് തെറാപ്പിസ്റ്റ്മാരുടെയും, നഴ്സുമാരുടെയും പ്രതിമാസ വേതനത്തിൽ 10% വർദ്ധനവ് നൽകുന്നതിലേക്കായി കേന്ദ്രസർക്കാരിന് പദ്ധതി സമർപ്പിച്ചിട്ടുണ്ട്.

(ബി) ഇപ്പോൾ പരിഗണനയിലില്ല.

വൃക്ക രോഗികൾക്ക് സൗജന്യ മരുന്ന്

18 (710) ശ്രീ. എ. എ. അസീസ് :

ശ്രീ. കോവൂർ കുഞ്ഞുമോൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യവും കുടുംബക്ഷേമവും ദേവസ്വവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) വൃക്ക രോഗികൾക്ക് സൗജന്യമായി മരുന്ന് നൽകുന്നുണ്ടോ ; എങ്കിൽ ഏതൊക്കെയാണെന്ന് വ്യക്തമാക്കുമോ ;

(ബി) ഡയാലിസിസിന് വിധേയരാകുന്ന വൃക്ക രോഗികൾക്ക് എ.പി.എൽ., ബി.പി.എൽ. വ്യത്യാസമില്ലാതെ മരുന്നുകൾ സൗജന്യമായി നൽകുന്നതിനുള്ള നടപടി സ്വീകരിക്കുമോ ?

ഉത്തരം

(എ) മെഡിക്കൽ കോളേജ് ആശുപത്രിയിൽ പ്രവേശിപ്പിക്കുന്ന വൃക്കരോഗികൾക്ക് ആർ.എസ്.ബി.വൈ. പദ്ധതിയിലൂടെ സൗജന്യമായി മരുന്നുകൾ ലഭിക്കുന്നു. Erythropoetin injection-നാണ് സൗജന്യമായി നൽകിവരുന്ന മരുന്ന്. ഇതുകൂടാതെ ബി.പി.എൽ. കാർഡുള്ളവർക്ക് ലോക്കൽ പർച്ചേസിലൂടെ എല്ലാ മരുന്നുകളും സൗജന്യമായി നൽകാറുണ്ട്. ഒപ്പം ഡയാലിസിസ് രോഗികൾ, വൃക്ക മാറ്റിവയ്ക്കൽ ശസ്ത്രക്രീയയ്ക്ക് വിധേയമായിട്ടുള്ളവർ എന്നിവർക്ക് കാരുണ്യ പദ്ധതിയിലൂടെയും ആർ.എസ്.ബി.വൈ. ചിസ്പ്ലസ് പദ്ധതിയിലൂടെയും സൗജന്യമായി മരുന്നുകൾ നൽകാറുണ്ട്. മാത്രമല്ല ഗവൺമെന്റ് സപ്ലൈവഴി ലഭിക്കുന്ന മരുന്നുകളും എല്ലാ രോഗികൾക്കും സൗജന്യമായി നൽകാറുണ്ട്. ഔട്ട്പേഷ്യന്റ് ആയി എത്തുന്ന എല്ലാ രോഗികൾക്കും ഫാർമസിയിൽ ലഭ്യമായ എല്ലാ മരുന്നുകളും സൗജന്യമായി നൽകാറുണ്ട്.

(ബി) ഡയാലിസിസിന് വിധേയരാകുന്ന വൃക്ക രോഗികൾക്ക് ചികിത്സിക്കുന്ന ഡോക്ടറുടെ സർട്ടിഫിക്കറ്റ് ഹാജരാക്കിയാൽ ബി.പി.എൽ. കാർഡ് അനുവദിക്കുന്നുണ്ട്. ഒപ്പം കാരുണ്യ ബനവലന്റ് ഫണ്ട്, ആർ.എസ്.ബി.വൈ. - ചിസ്പ്ലസ് തുടങ്ങിയ പദ്ധതികൾവഴി ഈ രോഗികൾക്ക് ഡയാലിസിസും മറ്റ് മരുന്നുകളും സൗജന്യമായി ലഭിക്കുന്നുണ്ട്.

വൃക്കദാതാക്കൾക്കും സ്വീകർത്താക്കൾക്കും തുടർ ചികിത്സ സൗജന്യമാക്കുവാൻ നടപടി

19 (711) ശ്രീ. പി. തിലോത്തമൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യവും കുടുംബക്ഷേമവും ദേവസ്വവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

വൃക്ക ദാതാക്കൾക്കും സ്വീകർത്താക്കൾക്കും തുടർ ചികിത്സ ആവശ്യമാണെന്നതും അത് ചെലവേറിയ ചികിത്സയാണെന്നതും ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ; പ്രസ്തുത വിഭാഗത്തിലുള്ളവരുടെ തുടർ ചികിത്സ സർക്കാർ ആശുപത്രികളിലും മെഡിക്കൽ കോളേജുകളിലും സൗജന്യമാക്കുവാൻ നടപടി സ്വീകരിക്കുമോ ?

LIBRARY ARCHIVES Kerala Legislative Assembly